**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2406** | **24-06-2024 - ൽ മറുപടിയ്ക്ക്**

**കിഫ്ബി മസാല ബോണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബിയുടെ മസാല ബോണ്ടുമായി ബന്ധപ്പെട്ട് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് കിഫ്ബി ഉദ്യോഗസ്ഥരെ ചോദ്യം ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഉദ്യോഗസ്ഥർക്ക് എത്ര തവണ സമൻസ് അയച്ചിട്ടുണ്ട്; ഇതിന്റെ ഭാഗമായി ഏതെങ്കിലും കേസ് എടുത്തിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കിഫ്ബിയുടെ മസാല ബോണ്ടുമായി ബന്ധപ്പെട്ട് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് കിഫ്ബി ഉദ്യോഗസ്ഥരെ ചോദ്യം ചെയ്തിട്ടുണ്ട്. കിഫ്ബിയുടെ ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, ജോയിന്റ് ഫണ്ട് മാനേജർ, മുൻ ഡെപ്യൂട്ടി മാനേജിങ് ഡയറക്ടർ, മുൻ അസിസ്റ്റന്റ് ജനറൽ മാനേജർ എന്നിവർക്കും കൂടാതെ കണക്കുകൾ പരിശോധിച്ച ചാർട്ടേർഡ് അക്കൗണ്ടന്റ്മാർക്കും ഇഡി സമൻസുകൾ ലഭിക്കുകയുണ്ടായി. ഇതിൽ മുൻ ഡെപ്യൂട്ടി മാനേജിങ് ഡയറക്ടർ ഒഴികെ മറ്റ് എല്ലാ ഉദ്യോഗസ്ഥരെയും ഇഡി പ്രാഥമിക അന്വേഷണവുമായി ബന്ധപ്പെട്ട് ചോദ്യം ചെയ്യുകയുണ്ടായി. കിഫ്ബിയുടെ ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ 1 തവണയും, ജോയിന്റ് ഫണ്ട് മാനേജർ 5 തവണയും ഇഡി ഓഫീസിൽ ഹാജരായി വിവരങ്ങൾ നൽകിയിരുന്നു.<br><br>ഇഡി കോടതിയെ അറിയിച്ച സത്യവാങ്മൂലം പ്രകാരം കിഫ്ബിയ്ക്കെതിരെ കേസുകൾ ഒന്നും രജിസ്റ്റർ ചെയ്തിട്ടില്ല. പ്രാഥമികമായ അന്വേഷണങ്ങൾ മാത്രമാണെന്നും ഇഡി കോടതിയെ അറിയിച്ചിട്ടുണ്ട്. എന്നാൽ മസാലാ ബോണ്ട് സംബന്ധിച്ച് കിഫ്ബി ഉദ്യോഗസ്ഥർക്ക് നൽകിയ സമൻസ് നോട്ടീസുകളിലോ തുടർന്നുള്ള ചോദ്യം ചെയ്യലിലോ അന്വേഷണത്തിന്റെ ഉദ്ദേശ്യത്തെക്കുറിച്ചോ അന്വേഷിക്കുന്ന വിഷയത്തെക്കുറിച്ചോ ഒരു വ്യക്തതയും ഇഡി നൽകിയിട്ടില്ല. |
| (ബി) | കിഫ്ബിക്കെതിരെ കേന്ദ്ര അന്വേഷണ ഏജൻസി നടത്തുന്ന നീക്കത്തിനെതിരെ എന്ത് നടപടിയാണ് കിഫ്ബിയും സംസ്ഥാന സർക്കാരും സ്വീകരിച്ചിട്ടുള്ളത് ; | (ബി) | മേൽസൂചിപ്പിച്ച സമൻസുകളിലൂടെ നിരന്തരമായി ഉദ്യോഗസ്ഥരെ വിളിച്ചുവരുത്തുക, ഇഡി ആവശ്യപ്പെട്ട പ്രകാരം കിഫ്ബി നൽകിയ വിവരങ്ങൾ വീണ്ടും വീണ്ടും ആവശ്യപ്പെടുകയും എന്നതിലെ യുക്തിരാഹിത്യം ചൂണ്ടിക്കാട്ടി കിഫ്ബി കോടതിയെ സമീപിച്ചിരുന്നു. ധനവിപണിയെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഒരു ധനകാര്യ സ്ഥാപനമെന്ന നിലയിൽ ഇഡി |

| | | | |
|---|---|---|---|
| | | | പോലെയുള്ള വിവിധ കേന്ദ്ര സർക്കാർ ഏജൻസികൾ നിരന്തരം ക്രമക്കേടുകൾ ഉന്നയിക്കുന്നതും അന്വേഷണം നടത്തുന്നതും നിക്ഷേപകരിലും പൊതുജനങ്ങളിലും ആശങ്കകൾ സൃഷ്ടിക്കുമെന്നത് തിരിച്ചറിഞ്ഞതിനാലാണ് ഈ വിഷയത്തിൽ കിഫ്ബി ബഹു.ഹൈക്കോടതിയെ സമീപിച്ചതും അന്വേഷണത്തിൽ തങ്ങൾക്കുള്ള പരാതികൾ ആ കോടതി സമക്ഷം അവതരിപ്പിച്ചതും. ഈ കേസ് നിലവിൽ അതിന്റെ അന്തിമഘട്ടത്തിലാണ്. |
| (സി) | കിഫ്ബിയുടെ മസാല ബോണ്ട് സംബന്ധിച്ച് പരിശോധന നടത്താൻ നിയമപരമായി അധികാരമുള്ളത് ഏത് ഏജൻസിക്കാണ്; ഇക്കാര്യത്തിൽ റിസർവ്വ് ബാങ്ക് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഒരു റെഗുലേറ്റർ എന്ന നിലയിൽ, മസാല ബോണ്ട് സംബന്ധിച്ച് പരിശോധന നടത്താൻ നിയമപരമായി അധികാരമുള്ളത് റിസർവ്വ് ബാങ്കിനാണ്. കിഫ്ബിയുടെ മസാല ബോണ്ട് സംബന്ധിച്ച വിഷയത്തിൽ റിസർവ്വ് ബാങ്ക് നാളിതുവരെയും ഒരു പരാതിയും രേഖപ്പെടുത്തിയിട്ടില്ല. ഇത് റിസർവ് ബാങ്ക് ബഹു.ഹൈക്കോടതിയിൽ രേഖാമൂലം അറിയിച്ചിട്ടുണ്ട്.<br><br>ഫെമ നിയമത്തിലെ സെക്ഷൻ 37 പ്രകാരം ആ നിയമത്തിലെ സെക്ഷൻ 13ൽ പരാമർശിക്കും പ്രകാരമുള്ള നിയമലംഘനങ്ങൾ ഉണ്ടായാൽ മാത്രമേ ഇഡിയ്ക്ക് അന്വേഷിക്കുവാൻ കഴിയു എന്ന് കിഫ്ബി കോടതിയിൽ വാദിച്ചിട്ടുണ്ട്. ഫെമയ്ക്ക് കീഴിലുള്ള ഒരു നടപടി ഉണ്ടാകുമ്പോൾ മാത്രമേ ഇഡിയ്ക്ക് അതിന്റെ അധികാരങ്ങൾ പ്രയോഗിക്കാൻ കഴിയു. 1961-ലെ ആദായനികുതി നിയമപ്രകാരം എല്ലാ ഹൈക്കോടതികളും സ്വീകരിച്ച വീക്ഷണമിതാണ് എന്നും ആ തീരുമാനത്തെ സുപ്രീം കോടതിയിൽ നാളിതുവരെയും ചോദ്യം ചെയ്തിട്ടില്ല എന്നതും കിഫ്ബി കോടതിയിൽ ബോധിപ്പിച്ചിട്ടുണ്ട്. നിലവിൽ കിഫ്ബിയ്ക്ക് എതിരെ ഇത്തരത്തിൽ ഒരു കേസും ഇല്ല എന്നും അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ